പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1207 12.07.2016-ൽ മറുപടിക്ക്

റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികയിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ എത്ര പേർക്ക് പ്രസ്തുത തസ്തികകളിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കണ്ടക്ടർ തസ്തികയിൽ പി.എസ്.സി 9300 പേരുടെ നിയമന ശുപാർശ നൽകുകയും ടി 9300 പേർക്കും നിയമ ഉത്തരവ് നൽകുകയും ചെയ്തു. റിസർവ്വ് ഡ്രൈവർ തസ്തികയിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ 5873 പേരിൽ 5618 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; വിശദമാക്കുമോ; | (ബി) | കണ്ടക്ടർ തസ്തികയിൽ 5 ഒഴിവുകളും, ഡ്രൈവർ തസ്തികയിൽ 9 ഒഴിവുകളും 30.06.2016-ൽ നിലവിലുണ്ട്. 23.06.2016-ലെ ഹൈക്കോടതി വിധി പ്രകാരം 823 കണ്ടക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള റിസർവ്വ് കണ്ടക്ടർ, റിസർവ്വ് ഡ്രൈവർ തസ്തികകളുടെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.12.2016-ൽ അവസാനിക്കും. |
| (സി) | ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ